"To be a model family fellowship based on spirituality, heritage, kinship & love"

*AFF NEWS LETTER*

# ALUNKAL FAMILY FELLOWSHIP

## KANDANAD

(for private circulation among the members only)

(Reg.No.ER184/08)

Website: www.alunkal.com Email:info@alunkal.com

Vol. 9 No. 1 March 2017

Presidential column:

We have just concluded the 17th Annual Meet of our Fellowship. This time the Meet was conducted in a subdued and solemn atmosphere, taking into account the departure of some of our beloved family members, who have been in our midst since the beginning of this Fellowship. A special feature, eulogizing their association with the organization, forms an important feature of this Issue.

Looking back, we have many milestones to remind us of the long, arduous and rewarding accomplishments to our credit. A brief summary of these achievements, since the very inception, forms part of this Newsletter. One has to umpire these accomplishments from one's own perceptive as it is not proper on my part to sit in judgment. We will be happy to receive your feedbacks with a very open mind. In this context, I wish to assure my dear kith and kin that your assessment is supreme and final on which we are duty bound to act quickly and positively. We, therefore, keenly await your feedback.

I, on behalf of the Editorial Committee of the Newsletter, wishes you all a very happy Easter and pray for good health and prosperity of our family members. Dr. A.C. Paul

നമ്മുടെ ഫെല്ലോഷിപ്പിന്റെ 17–ാം വാർഷിക സമ്മേളനം ഏറെ പവിത്രമായും ആർഭാട രഹിതമായും നിർവ്വഹിക്കപ്പെട്ടുവല്ലോ. ഈ പ്രസ്ഥാനത്തിന്റെ ആരംഭം മുതലെ ഇതിനുപിന്നിൽ തുണയുമായി പ്രവർത്തിച്ച വന്ദ്യരായ അംഗങ്ങളുടെ വിരഹവേദന പേറിക്കൊണ്ട് അവരുടെ അമൂല്യങ്ങളായ വ്യക്തിത്വങ്ങളേയും, സംഭാവനകളേയും അനുസ്മരിക്കുന്ന പ്രത്യേക വിവരണങ്ങളും ഈ ലക്കത്തിൽ നിങ്ങൾക്ക് കാണാവുന്നതാണ്. രണ്ടു ദശകങ്ങൾ പിന്നിട്ട നമ്മുടെ ഈ പ്രസ്ഥാനം ഒരു തിരിഞ്ഞുനോട്ടത്തിലൂടെ സ്വയം വിലയിരുത്തലിന് സജ്ജമാണ്. നിലനില്പുള്ള – നിലനിൽക്കേണ്ട ഏതൊരു പ്രസ്ഥാനത്തിനും ഇത്തരം ഒരു പ്രക്രിയ അനിവാര്യവുമാണ്. ഇത്തരത്തിലുള്ള ഒരു വിശകലനം ഈ ലക്കത്തിൽ നിങ്ങൾക്ക് കാണാവുന്നതണ്. ഇതിനെ വിലയിരുത്താനും നമ്മുടെ മുന്നോട്ടുള്ള ലക്ഷ്യങ്ങൾ നിർവചിക്കാനുമുള്ള ചുമതല കുടുംബാംഗങ്ങളിൽ ഓരോരുത്തരിലും നിക്ഷിപ്തമാണ്.

കുടുംബാംഗങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏറ്റവും വിലപ്പെട്ടതായി സീകരിക്കുമെന്നും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമെന്നും ഉറപ്പുനൽകുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. സന്തോഷകരമായ ഈസ്റ്ററും, ആരോഗ്യവും, സമൃദ്ധിയും എല്ലാകുടുംബാംഗങ്ങൾക്കും ആശംസിക്കുന്നു. (എ. സി. പോൾ)

**വാർഷിക സമ്മേളനം – 2017**

(ഒരു ഹ്രസ്വ അവലോകനം)

സാനുബ കുര്യൻ

ആലുങ്കൽ ഫാമിലി ഫെല്ലോഷിപ്പിന്റെ 17–ാമതു വാർഷികം 2017 ഫെബ്രുവരി 26–ാം തീയതി ഞായറാഴ്ച വൈകീട്ട് 2.30ന് കണ്ടനാട് ശക്രുള്ള മോർ ബസ്സേലിയോസ് സെന്ററിൽ ലളിതമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ ഫെല്ലോഷിപ്പ് പ്രസിഡന്റ് ഡോ. എ. സി. പോൾ അദ്ധ്യക്ഷം വഹിച്ചു.

പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനം 2016–17 കാലയളവിൽ വാങ്ങിപ്പോയ ശ്രീ കെ.എ. ജോൺ, ശ്രീമതി ലീലാമ്മ ജേക്കബ്ബ്, ശ്രീ റൂബൻ കുര്യൻ, ശ്രീമതി മേരി തോമസ് എന്നിവരുടെ പാവന സ്മരണയ്ക്ക് ശ്രദ്ധാഞ്ജലികൾ അർപ്പിച്ചു. ശ്രീ ഏലിയാസ് എബ്രഹാം അവതരിപ്പിച്ച അനുശോചന പ്രമേയത്തെ തുടർന്ന് എല്ലാവരും എഴുന്നേറ്റു നിന്ന് പരേതാത്മാക്കൾക്കുവേണ്ടി മൗന പ്രാർത്ഥന നടത്തി.

ശ്രീ ജെയിംസ് തോമസ് തന്റെ സ്വാഗത പ്രസംഗത്തിൽ 1995 മുതലുള്ള AFFന്റെ പ്രവർത്തനങ്ങളും, ക്രമാനുഗതമായ വളർച്ചയും വിവരിച്ചുകൊണ്ട് എല്ലാവരേയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

തുടർന്ന് അഭിവന്ദ്യ തിരുമേനി നിലവിളക്ക് കൊളുത്തി യോഗം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. വളരെ ഗൃഹാതുരത്വം ഉണർത്തുന്ന ഈ സമ്മേളനം തന്നിൽ കഴിഞ്ഞ കാലഘട്ടങ്ങളിലേക്ക് ഒരെത്തിനോട്ടം സാദ്ധ്യമാക്കുന്നതായി അഭിവന്ദ്യ തിരുമേനി സൂചിപ്പിച്ചു. ഡോ. എ.സി. പോൾ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ AFFന്റെ പ്രവർത്തനങ്ങളിൽ കുടുംബാംഗങ്ങൾ കൂടുതലായി മുന്നോട്ടുവരേണ്ടതിന്റെ ആവശ്യകത ഊന്നി പറഞ്ഞു. ശ്രീമതി ലില്ലി വർഗ്ഗീസ് വാർഷിക റിപ്പോർട്ടും ശ്രീ പോൾ മാത്യു ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ച്ത് യോഗം ഐകകണ്ഠ്യേന പാസ്സാക്കി.

ഫെല്ലോഷിപ്പിന്റെ ആദ്യത്തെ പേട്രൺ മെമ്പർ ആയ Rev. Deacon Abraham A Alunkal (USA) യോഗത്തിൽ സന്നിഹിതനായിരുന്നു. അദ്ദേഹത്തിന് മെമെന്റോ നൽകി ആദരിച്ചു.

നവദമ്പതികളായ രോഷൻ-ഉല്ലാസ് എന്നിവരെ യോഗത്തിൽ പരിചയപ്പെടുത്തി, ആദരിച്ചു. അതോടൊപ്പം നവദമ്പതികളായ അനു-ടോണി, ആൻഡ്രൂസ്-അഞ്ജന, മനോജ്-അഞ്ജലി എന്നി വരെ യോഗം അനുമോദിച്ചു.

ഡോ. എ.സി. പോൾ “ശ്രീ എ.എം. തോമസ്സ് അനുസ്മരണ പ്രഭാഷണം” നിർവ്വഹിച്ചു. രാജയോഗത്തിൽ പിറന്ന ജേഷ്ഠ സഹോദരൻ തന്റെ പൊതുപ്രവർത്തനത്തിന്റെ വിവിധ തുറകളിൽ - നിയമജ്ഞനായും, ഭരണാധികാരിയായും, നയതന്ത്രജ്ഞനായും തന്റെ പ്രവർത്തന മികവ് തെളിയിച്ചിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

വിദ്യാഭ്യാസ എൻഡോവ്മെന്റുകൾ 6 കുട്ടികൾക്കായി വിതരണം ചെയ്തു. ചികിത്സാ ധനസഹായം നൽകി. 2017ലെ പുതിയ ഭരണസമിതിയുടെ അംഗങ്ങളുടെ പേരുകൾ ഇലക്ഷൻ ഓഫിസർ ഡോ. മോഹൻ ജോർജ്ജ് സദസ്സിൽ അവതരിപ്പിച്ചു. പാനൽ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

ശ്രീ ഷെറിൻ ബേബി എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി. മേഘ്ന ജോബ്സി, നൈന ജോബ്സി, അലിൻഡാ സാജു എന്നിവരുടെ ഗാനാലാപം ഹൃദ്യമായിരുന്നു. വൈകീട്ട് 6.30ന് ചായസൽക്കാരത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

**A.M. THOMAS MEMORIAL LECTURE:**

## “കാലത്തെ അതിജീവിച്ച കുലപതി”

ഡോ. എ.സി. പോൾ

“വല്ല്യേട്ടൻ” ഞങ്ങളുടെ മൂല തറവാടും, ഇപ്പോൾ ഞങ്ങളുടെ ഭവനവുമായ കടുങ്ങമംഗലം അത്താപ്പിള്ളിൽ എന്റെ വെല്ലിപ്പൻ ശ്രീ മത്തായിയുടേയും ശ്രീമതി അന്നമ്മ (കൊച്ചുണ്ണിയന്നം) വെല്ലിമ്മയുടേയും സീമന്തപുത്രനായി 1912 ജൂൺ 4ന് ജനിച്ചു. കണ്ടനാടുനിന്നും കുടുംബം മാറി താമസിച്ചതിനു ശേഷമുള്ള ആദ്യ ജനനം അദ്ദേഹത്തിന്റെതാണ്. ബാല്യകാലത്ത് നാട്ടിൽ ധാരാളം കളികൂട്ടുകാർ ഉണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്. കണ്ടനാട്, കടുങ്ങമംഗലം, മുളന്തുരുത്തി എന്നിവിടങ്ങളിൽ സ്കൂൾ പഠനം പൂർത്തിയാക്കിയതിനുശേഷം എറണാകുളം മഹാരാജാസ് കോളേജിൽനിന്ന് ബി.എ. ഇക്കണോമിക്സിൽ ബിരുദംനേടി. ബി.എൽ. പഠനത്തിന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിക്കുകയും വെല്ലിമ്മയുടെ (Grandmother) പ്രത്യേക അനുഗ്രഹത്തോടെ അദ്ദേഹം തിരുവനന്തപുരത്ത് പഠനം തുടരുകയും ചെയ്തു. ഈ കാലഘട്ടത്തിലാണ് അദ്ദേഹം വിവാഹിതനാകു

ന്നത്. വധു കോലഞ്ചേരി എളൂർ കുടുംബത്തിലെ അക്കാമ്മ ചേട്ടത്യാർ. പഠനത്തോടൊപ്പം തന്നെ അദ്ദേഹം നിയമ മേഖലയിൽ ജോലിയിലും ഏർപ്പെട്ടുതുടങ്ങിയിരുന്നു. ആയിടെ എറണാകുളത്ത് സ്ഥിരതാമസ്സമാക്കി.

തന്റെ സീമന്തപുത്രി മോളിചേച്ചിക്ക് ജൻമം നൽകിയശേഷം അക്കാമ്മചേട്ടത്യാർ രോഗാതുരയാവുകയും ഇഹലോകവാസം വെടിയുകയും ചെയ്തു. തന്റെ ജീവിതത്തിനും തൊഴിലിനും വൻ ആഘാതമേറ്റുവാങ്ങിയ വല്ല്യേട്ടൻ നിശ്ചയദാർഢ്യത്തിലൂടെയും, കഠിനാധ്വാനത്തിലൂടെയും ജീവിതം തിരിച്ചുപിടിച്ചു. ഏകദേശം മൂന്നുവർഷങ്ങൾക്കുശേഷം അദ്ദേഹം ആരക്കുന്നം വെട്ടത്തുനിന്ന് പുനർവിവാഹം ചെയ്തു. തങ്കിചേട്ടത്യാരുടെ ആഗമനം വല്ല്യേട്ടന്റെ ജീവിതത്തിന് ഒരു രാസത്വരകമായി എന്നുതന്നെ പറയാം. പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതത്തിലും, പ്രവർത്തനങ്ങളിലും ചേടുത്യാരുടെ പങ്ക് അവിസ്മരണീയമാണ്.

വല്ല്യേട്ടൻ നിയമസഭാ സ്പീക്കറായി സ്ഥാനമേറ്റതിനുശേഷം ആദ്യമായി വന്നത് താൻ ജനിച്ചു വളർന്ന തറവാട്ടിലേയ്ക്കുതന്നെയാണ്. അന്ന് സ്റ്റേറ്റ് കാറിൽ അദ്ദേഹം തറവാട്ടുപടിക്കൽ വന്നിറങ്ങിയപ്പോൾ അദ്ദേഹത്തെ ഓടിച്ചെന്ന് സ്വീകരിച്ച 'വള്ളിനിക്കറു' കാരനാണ് ഈ ആഖ്യാദാവ്. എന്നെ കൈളിലേന്തി അകത്തേക്കു പ്രവേശിച്ച അദ്ദേഹവും, ചേട്ടത്യാരും ഒരു നിമിഷം വെല്ലിമ്മയുടെ ഛായാചിത്രത്തിനുമുമ്പിൽ നിന്നതിനുശേഷം അപ്പനുമായി കുശലപ്രശ്നം നടത്തി. പിന്നെ 'കൊച്ചമ്മേ' എന്നു എന്റെ അമ്മയെ വിളിച്ചുകൊണ്ട് നേരേ അടുക്കളയിലേക്ക്! ഉറിയിൽ തുക്കിയിട്ടിരുന്ന മീൻ ചട്ടിയായിരുന്നു ലക്ഷ്യം! കയ്യും മുഖവും തുടച്ച് വീണ്ടും കൊച്ചപ്പന്റെ അരികിൽ. ഏതാണ്ട് ഒരുമണിക്കൂർ നീണ്ട കുശലപ്രശ്നം ഈ അവസരത്തിൽ എന്നല്ല, ഒരിക്കൽപോലും അപ്പന്റെ മുന്നിൽ അദ്ദേഹം ഇരുന്ന് സംസാരിച്ചിട്ടില്ല!

അദ്ദേഹവും ചേട്ടത്യാരും അയൽപക്കങ്ങളിലുള്ള ചില സുഹൃത്തുക്കളെ കാണുവാൻ പോയപ്പോൾ എന്നെയും കൂടെ കൂട്ടി. ചേട്ടത്യാരാണ് എന്നെ എടുത്ത് ചേർത്ത് ഇരുത്തിയത്. ചേട്ടത്യാർ **എപ്പോഴും അങ്ങിനെയായിരുന്നു.........................** (തുടരും)

## ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങൾ – (1995–2015) – ഒരവലോകനം

ജെയിംസ് തോമസ്, സാനുബ കുര്യൻ, ലില്ലി വർഗീസ്

1995ൽ സ്ഥാപിതമായ ഫെല്ലോഷിപ്പ് ഇപ്പോൾ 21പ്രവൃത്തന വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. ഈയവസരത്തിൽ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ഉചിതമാണെന്ന് കരുതുന്നു. ഇത്തരം ഒരവലോകനം ഭാവിയിലേക്കുള്ള ഈ പ്രസ്ഥാനത്തിന്റെ വളർച്ചക്കും സഹായകരമാകും എന്ന് പ്രത്യാശിക്കുന്നു. രണ്ടു ദശകങ്ങൾ പിന്നിട്ടിട്ടുള്ള ഈ പ്രസ്ഥാനത്തിന്റെ സുപ്രധാന നാഴികകല്ലുകൾ താഴെ വിവരിക്കുന്ന വിധമാണ്.

1995 : പ്രഥമ ആലോചനായോഗം

1996 : പ്രഥമ പൊതുയോഗം, ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, സംഘടനയുടെ വ്യാപ്തി – ലക്ഷ്യങ്ങൾ എന്നിവയുടെ നിർവചനം, പ്രാർത്ഥന, അനുസ്മരണ കൂട്ടായ്മകളുടെ തുടക്കം, ഭവനങ്ങളിൽനിന്നും വിവാഹിതരായ പെൺമക്കൾക്ക് തുല്യപങ്കാളിത്വം.

1999 : ഹ്രസ്വമായ കുടുംബ ചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. കുടുംബത്തിലെ വിവിധ ശാഖകളെ കമ്പ്യൂട്ടർ ചാർട്ടിലൂടെ സുഗമവും ലളിതവുമായി അവതരിപ്പിച്ചു. അഭിവന്ദ്യ തിരുമേനിയുടെ സ്ഥാന ലബ്ധിയിൽ അദ്ദേഹത്തെ കുടുംബ സംഗമത്തിൽ അനുമോദിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

2000 : റെ. ഫാദർ എ.വി. അബ്രഹാമിന്റെ 50–ാം ചരമവാർഷികം വി. ദേവാലയത്തിൽ ആചരിച്ചു.

2001 : ആദ്യത്തെ കുടുംബ ഡയറക്ടറി പ്രസിദ്ധീകരിച്ചു. റെ. ഫാദർ എ.വി. അബ്രഹാമിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ്സ് പ്രഥമൻ ബാവയുടെ അദ്ധ്യക്ഷതയിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു.

2003 : കുടുംബ വാർത്തകളും, ലേഖനങ്ങളും മറ്റും ഉൾപ്പെടുത്തി **AFF** ബുള്ളറ്റിൻ എന്ന ശീർഷകത്തിൽ ഒരു ഇൻ-ഹൗസ് മാദ്ധ്യമം വർഷത്തിൽ രണ്ടുതവണയായി അച്ചടിച്ച് എല്ലാ കുടുംബങ്ങളിലും എത്തിച്ചു. ഈ സംരംഭത്തിന് ഒരു എഡിറ്റോറിയൽ കമ്മറ്റിയും നിലവിൽവന്നു.

2004 : സ്ഥാപക പ്രസിഡണ്ടായ ശ്രീ എ.എം. തോമസ്സ് അവർകളുടെ നിര്യാണത്തെതുടർന്ന് അദ്ദേഹത്തിന്റെ സ്മരണക്കായി സംഘടനയുടെ വാർഷിക സമ്മേളനത്തോട് അനുബന്ധിച്ച് അനുസ്മരണ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു.

2007 : നമ്മുടെ നാട്ടിൽ 'ചിക്കൻ ഗുനിയ' എന്ന സാംക്രമീക രോഗം വ്യാപകമായി പകർന്നു പിടിച്ചതോടെ ദുരിതത്തിലായ പാവപ്പെട്ട കൂലിവേലക്കാരുടെ 100 കുടുംബങ്ങൾക്ക് സൗജന്യമായി അരിയും, പഞ്ചസാരയും, ചായപ്പൊടിയും അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തു.

2008 : ഫെല്ലോഷിപ്പ് രജിസ്റ്റേർഡ് സൊസൈറ്റി ആയി അംഗീകരിക്കപ്പെട്ടു ഫെല്ലോഷിപ്പിന്റെ ഔദ്യോഗിക മാധ്യമത്തിന് **AFF News Letter** എന്ന ശീർഷകം നൽകി.

2009 : കുടുംബത്തിലെ ധീഷണശാലിയായിരുന്ന Late Prof. A.O. മത്തായിയുടെ അനുസ്മരണാർത്ഥം കുടുംബ വാർഷിക യോഗത്തോടനുബന്ധിച്ച് ഒരു ശാസ്ത്ര ശിൽപശാല സംഘടിപ്പിച്ചു. ഈ പരിപാടിയിൽ കുടുംബത്തിലെ ജീവിച്ചിരിക്കുന്നവരും പരേതരുമായ 21 അദ്ധ്യാപകരെ ആദരിച്ചു.

ഫെല്ലോഷിപ്പിന് ആകർഷകമായ ഒരു **Website** നിലവിൽ വന്നു.

2010 : കുടുംബ ഡയറക്ടറി പുതുക്കി പ്രസിദ്ധീകരിച്ചു.

2012 : റെ. ഫാദർ എ.വി. അബ്രഹാമിന്റെ പാവനസ്മരണയിൽ കണ്ടനാട് ഗവ: പ്രൈമറി സ്കൂളിലും, സെന്റ് മേരീസ് ഹൈസ്കൂളിലും വാർഷിക സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി.

2013 : AFF സ്ഥാപകാംഗം ശ്രീമതി സാറാമ്മകുര്യന്റെ 100-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് അനുസ്മരണ സമ്മേളനം നടത്തി.

2014 : പൈതൃക പഠനങ്ങളിൽ കൂടുതൽ വ്യക്തത കൈവരിച്ചു.

2015 : പരി: അന്ത്യോഖ്യാ പാത്രിയർക്കീസ്സ് മോറാൻ മോർ ഇഗ്നാത്തിയോസ്സ് അപ്രേം ദ്വിതീയൻ ബാവയുടെ പ്രഥമ മലങ്കര സന്ദർശനവേളയിൽ ഫെല്ലോഷിപ്പിന്റെ പേട്രൺ അഭിവന്ദ്യ മാത്യൂസ് മാർ ഇവാനിയോസ്സ് തിരുമേനിയുടെ കടക്കനാട്ടുള്ള ആസ്ഥാന ദേവാലയത്തിൽ പരി: ബാവക്ക് ഫെല്ലോഷിപ്പിന്റെ പേരിൽ നേർച്ച കാഴ്ചകൾ സമർപ്പിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

ദിവംഗതനായ വന്ദ്യ അബ്രാഹാം ഇട്ടീര കശ്ശീശ്ശയുടെ 100-ാം ചരമവാർഷികം വി: മാത്യ ദേവാലയത്തിൽ കൊണ്ടാടി.

------- x -------

## പരേതർക്ക് ആദരാഞ്ജലികൾ

### ശ്രീ റൂബൻ കുര്യൻ

**(1941-2017)**



മുളന്തുരുത്തി കണ്ണേത്ത് പരേതനായ ശ്രീ കുര്യന്റേയും ആലുങ്കൽ പരേതയായ ശ്രീമതി സാറാമ്മയുടേയും മകനായി 1941 മാർച്ച് 27-ാംതീയതി ജനിച്ചു. ബാല്യം മുതൽ തന്നെ പലവിധ രോഗ പീഢകളാലും ക്ലേശിച്ചിരുന്നു എങ്കിലും മാതാപിതാക്കളുടേയും സഹോദരിമാരുടേയും പരിലാളനയിലും, സംരക്ഷണത്തിലും 75 വയസ്സുവരെ ജീവിച്ചു.

2017 ജനുവരി 4-ാം തീയതി കതൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു. അഭിവന്ദ്യ മാത്യൂസ് മാർ ഇവാനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നിർവ്വഹിച്ചു.

കണ്ടനാട് വി: മർത്തമറിയം കത്തീഡ്രൽ ദേവാലയ സിമിത്തേരിയിൽ പൂർവ്വീകരോടൊപ്പം സംസ്ക്കാര കർമ്മം നടക്കുകയും ചെയ്തു. റൂബന് രണ്ടു സഹോദരിമാർ. ലാലു, സാനുബ.

**ശ്രീമതി ലീലാമ്മ ജേക്കബ്ബ്**

**(1935–2016)**



ചെറായി കൊച്ചോക്കൻ പരേതനായ ശ്രീ എബ്രഹാമിന്റെയും ആലുങ്കൽ പരേതയായ ശ്രീമതി സപ്പീറയുടേയും മകളായി ജനിച്ചു. ചെറുപ്രായത്തിൽ പിതാവിനെ നഷ്ടമായതിനാൽ താഴത്തെ മൂലഭവനത്തിന്റെ കരുതലിലും മേൽനോട്ടത്തിലും ഉദയംപേരൂർ നടക്കാവിൽ മാതാവിനോടും സഹോദരങ്ങളോടും ഒപ്പം താമസമാക്കി.

എസ്.എൻ.ഡി.പി സ്കൂളിൽനിന്ന് എസ്.എസ്.എൽ.സിയും തുടർന്ന് ടി.ടി.സിയും പാസ്സായ ശേഷം കണ്ടനാട് സെന്റ് മേരീസ് സ്കൂളിൽ കണക്ക് അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. കണക്ക് പഠിപ്പിക്കുന്നതിൽ പ്രത്യേക വൈദഗ്ദ്യം ഉണ്ടായിരുന്നു. ചേച്ചിയുടെ സ്വതസിദ്ധമായ പ്രസന്നത കുട്ടികളുടെയും മറ്റുള്ളവരുടെയും സ്നേഹാദരവുകൾ പിടിച്ചുപറ്റാൻ ഏറെ സഹായിച്ചിട്ടുണ്ട്.

കോതമംഗലം ചിറയിൽ വീട്ടിൽ ശ്രീ ജേക്കബ്ബിനെ വിവാഹം ചെയ്തു. ഇവർക്ക് 3 മക്കൾ. മകൻ അമേരിക്കയിലും, പെൺമക്കൾ നാട്ടിലുമായി കുടുംബസമേതം കഴിയുന്നു.

2016 നവംബർ 30–ാം തിയതി അസുഖത്തെ തുടർന്ന് നിര്യാതയായി. സംസ്ക്കാരം കോതമംഗലം ചെറിയപള്ളി സിമിത്തേരിയിലെ കുടുംബ കല്ലറയിൽ നിർവ്വഹിക്കപ്പെട്ടു.

**ശ്രീമതി മേരി (മറിയാമ്മ) തോമസ്സ്**

(1930–2017)



അങ്കമാലി, പീച്ചാനിക്കാട് മൂലൻ പരേതരായ ശ്രീ എം.പി. മാത്യുവിന്റെയും ശ്രീമതി ഏലിയാമ്മയുടെയും സീമന്തപുത്രിയായി 1930 ജനുവരി 28ന് ജനിച്ചു. കറുകുറ്റി ഹൈ സ്കൂളിൽ പഠനം തുടരുന്ന സമയത്ത് ആലുങ്കൽ ശ്രീ എ.സി. തോമസുമായുള്ള വിവാഹം 1948ൽ നടന്നു. തുടർന്ന് കടുങ്ങമംഗലം അത്താപ്പിള്ളി മൂല തറവാട്ടിൽ താമസമാക്കുകയും ചെയ്തു. ശ്രീമതി മേരിക്ക് തന്റെ ഭർതൃ ഭവനവുമായി ഇഴുകിചേർന്ന് ജീവിക്കുവാൻ എളുപ്പം സാധിച്ചു. വീട്ടുകാര്യങ്ങളിലും, കാർഷിക വൃത്തികളിലും പ്രത്യേകം നൈപുണ്യം പ്രകടിപ്പിക്കുകയും എല്ലാവരുടെയും സ്നേഹാദരവുകൾ നേടുകയും ചെയ്തു. ഏകദേശം 8 വർഷം തറവാട്ടിൽ താമസിക്കുന്ന കാലത്ത് തന്റെ മക്കളായ ജെയിംസ്, മേഴ്സി എന്നിവർക്ക് ജന്മം നൽകി. 1956ൽ കുരീക്കാട്ടെ വസതിയിലേക്ക് കുടുംബസമേതം താമസ്സം മാറ്റി. ഈ ഭവനത്തിലാണ് തന്റെ ഇളയമകൻ വിനോയിയുടെ ജനനം. പുതിയ ഭവനവും അയൽപക്കവുമായി ശ്രീമതി മേരി വളരെ വേഗം ഇഴുകിച്ചേർന്നു.

തന്റെ ഭർത്താവ് ശ്രീ തോമസ്സ് വെണ്ണിക്കുളം ഹൈസ്കൂൾ അദ്ധ്യാപകൻ, കണ്ടനാട് മാതൃദേവാലയ ട്രസ്റ്റി, കണ്ടനാട് സ്കൂൾ അഡ്മിനിസ്ട്രേറ്റർ, എന്നീ നിലകളിൽ വ്യാവൃതനായിരിക്കെ ശ്രീമതി മേരിയുടെ പൂർണ്ണ പിൻതുണയും സഹകരണവും അദ്ദേഹത്തിന് ഒപ്പം ഉണ്ടായിരുന്നു. സഭാ പ്രശ്നങ്ങളാൽ കലുഷിതമായിരുന്ന ആ കാലഘട്ടത്തിൽ മാതൃദേവാലയത്തിൽ നമ്മുടെ വീട്ടമ്മമാർ നടത്തിയ സഹനസമരത്തിൽ ശ്രീമതി മേരിയും സജീവമായി പങ്കെടുത്തിട്ടുണ്ട്. 1982ൽ തന്റെ ഭർത്താവിന്റെ ആകസ്മിക നിര്യാണം, 2008ൽ തന്റെ മകൾ മേഴ്സിയുടെ അകാല നിര്യാണം ഇവയെല്ലാം ആത്മധൈര്യത്തോടെയും, ദൈവ വിശ്വാസത്തിലൂടെയും അതിജീവിച്ചു.

ശ്രീമതി മേരിയുടെ അന്ത്യവിയോഗ നിമിഷങ്ങൾ മേൽപറഞ്ഞ കാര്യങ്ങളുടെ നേർസാക്ഷ്യമാണ്. തന്റെ ഇഹലോക ജീവാന്ത്യം നേരിൽ ദർശിച്ച് തികഞ്ഞ ഒരുക്കത്തോടും, ആത്മധൈര്യത്തോടും, ഉറ്റവരേയും, ഉടയവരേയും, ചേർത്തുനിർത്തി, യാത്രാമൊഴി ചൊല്ലിക്കൊണ്ടുള്ള ആ വേർപാട് ഹൃദയഭേദകമായിരുന്നു. 2017 ജനുവരി 29ന് തന്റെ 87–ാം ജന്മദിനത്തിന്റെ പിറ്റേന്ന്, അവർ ദൈവ സന്നിധിയിലേക്ക് എടുക്കപ്പെട്ടു. അഭിവന്ദ്യ മാത്യൂസ് മാർ ഇവാനിയോസ് തിരുമേനിയുടെ പ്രധാന

കാർമ്മികത്വത്തിൽ സംസ്കാര കർമ്മങ്ങൾ നിർവ്വഹിക്കപ്പെടുകയും, ഭൗതിക ശരീരം മാതൃ ദേവാലയ സെമിത്തേരിയിൽ പിതാക്കളുടെ നിരയിൽ ചേർക്കപ്പെടുകയും ചെയ്തു.



**പ്രാർത്ഥന അനുസ്മരണയോഗം**
**ശ്രീമതി അന്നമ്മ ജോൺ**
**(1943 – 1998)**

പരേതയായ ശ്രീമതി അന്നമ്മ ജോണിന്റെ 19–ാം ചരമ വാർഷികത്തോടനുബ ന്ധിച്ച് മകൻ ശ്രീ സജിജോൺ അവർകളുടെ കണിയാവള്ളിയിലെ ഭവനത്തിൽ വച്ച് ആലുങ്കൽ ഫാമിലി ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രാർത്ഥന – അനുസ്മരണയേഗം 12-03-2017 ഞായറാഴ്ച വൈകീട്ട് 4.30ന് ചേർന്നു. ഫെല്ലോഷിപ്പ് പ്രസിഡന്റ് ഡോ. എ.സി. പോൾ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് തന്റെ അദ്ധ്യക്ഷപ്രസംഗ ത്തിൽ ജ്യേഷ്ഠ സഹോദരഭാര്യ ശ്രീമതി അന്നമ്മയുടെ പ്രസന്നമായ പെരുമാറ്റശൈലിയും കുലീന മായ സ്വഭാവ സവിശേഷതയും പരാമർശിച്ചു. തുടർന്ന് ശ്രീ സജി ജൊൺ തന്റെ പ്രിയ മാതാ വിന്റെ ലഘു ജീവചരിത്രവും സദസ്സിൽ അവതരിപ്പിച്ചു.

ശ്രീ ആവിര വർഗ്ഗീസ്, ശ്രീമതി ലില്ലി വർഗ്ഗീസ്, ശ്രീമതി സാനുബ കുര്യൻ, ശ്രീമതി ഷീബ സജി, ശ്രീ വർഗ്ഗീസ് ചെമ്മല, ശ്രീ ബാബു കാവനാൽ എന്നിവർ ശ്രീമതി അന്നമ്മ ജോണിന്റെ പ്രസന്നത, സൗഹൃദമേറിയ പെരുമാറ്റ ശൈലി, പാചക വൈദഗ്ധ്യം എന്നീ വിഷയങ്ങളെ പരാമർശിച്ച് സംസാരിച്ചു. ശ്രീമതി രശ്മി അരുൺ, കുമാരി അലിൻഡാ സാജു എന്നിവർ ഭക്തി ഗാനങ്ങൾ ആലപിക്കുകയും ശ്രീമതി സോമി സാജു സങ്കിർത്തന പാരായണം നിർവ്വഹിക്കുകയും ചെയ്തു. ശ്രീ എ.എം. യോഹന്നാൻ ഭക്തിഗാനാലാപനങ്ങൾക്ക് നേതൃത്വം നൽകി.

**ലഘു ജീവചരിത്രം**

കിഴക്കമ്പലം മേക്കാക്കുന്നേൽ – ആലിയിൽ ശ്രി എം. സി. പൌലോസിന്റെയും, ശ്രീമതി മറിയാ മ്മയുടെയും മകളായി 1943ൽ ശ്രീമതി അന്നമ്മ ജനിച്ചു. തന്റെ ആറു സഹോദരൻമാരുടെ ഏക സഹോദരിയായിരുന്നു അന്നമ്മ.

കിഴക്കമ്പലം ദയറാ സ്കൂളിൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. 1959ൽ ആലുങ്കൽ ശ്രീ തൊമ്മൻ മത്തായിയുടെയും ശ്രീമതി അന്നമ്മയുടെയും ഇളയ പുത്രനായ ശ്രീ ജോണിയെ വിവാഹം കഴിച്ചു. ശ്രീ ജോണി കേന്ദ്രമന്ത്രിയായിരുന്ന ശ്രീ ഏ.എം. തോമസ്സ് അവർകളുടെ ഇളയ സഹോദരനാണ്.

തന്റെ വിവാഹാനന്തരം ശ്രീമതി അന്നമ്മ ഭർതൃ ഗൃഹവുമായി ഇഴുകിച്ചേരുകയും വീട്ടുകാരും നാട്ടുകാരുമായും ഏറെ സൗഹൃദം പുലർത്തുകയും ചെയ്തുവന്നു. നിഷ്കളങ്കത പ്രസരിപ്പിക്കുന്ന ഹൃദ്യമായ ചിരിയോടെ ഏവരേയും സ്വാഗതം ചെയ്യുന്ന ശ്രീമതി അന്നമ്മ വീട്ടുകാരുടേയും, പരിചയക്കാരുടെയും സ്നേഹാദരവുകൾക്ക് പാത്രമായി. തന്റെ ഭർത്താവുമൊന്നിച്ച് കാർഷിക വൃത്തികളുമായി ഇടപഴകി എന്നുമാത്രമല്ല കൃഷിയിലൂടെ ഗണ്യമായ വരുമാനവർദ്ധനവ് നേടു വാനും ഇടയാക്കി. പരമ്പരാഗത കൃഷിമേഖല തകർച്ച നേരിട്ട ആ കാലഘട്ടത്തിൽ ശ്രീമതി അന്നമ്മയുടെ കര നൈപുണ്യം തന്റെ കുടുംബത്തിന് ഏറെ നിർണ്ണായകമായിരുന്നു.

കുടുംബ ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിനും നല്ല സുഹൃദ് വലയം സൃഷ്ടിച്ചെടുക്കുന്നതിനും തന്റെ മക്കളെ ആത്മീയതയിൽ പരിപോഷിപ്പിക്കുന്നതിനും ശ്രീമതി അന്നമ്മക്കുകഴിഞ്ഞു.

ശ്രീമതി അന്നമ്മയുടെ വേർപാട് ആകസ്മികമായിരുന്നു. 55–ാം വയസ്സിൽ 1998 മാർച്ച് 11–ാം തീയതി കർതൃസന്നിധിയിലേക്ക് എടുക്കപ്പെടുകയും കണ്ടനാട് മാതൃദേവാലയ ദെമിത്തേരിയിൽ പിതാക്കളുടെ നിരയിൽ ചേർക്കപ്പെടുകയും ചെയ്തു.

മക്കൾ : സുജ വർഗ്ഗീസ്, സാബുജോൺ, സജി ജോൺ, സാജു ജോൺ
മരുമക്കൾ : വർഗ്ഗീസ് ചെമ്മല, സെലീന സാബു, ഷീബ സജി, സോമി സാജു

# AFF Diary

**വിവാഹങ്ങൾ :**

ആലുങ്കൽ ശ്രീ ജെയിംസ് തോമസ്, ശ്രീമതി ബീന ജെയിംസ് ദമ്പതികളുടെ മകൾ അനു ജെയിംസും തിരുവനന്തപുരം പുരയ്ക്കൽ വീട്ടിൽ ശ്രീ കോശി, ശ്രീമതി മേരി കോശി ദമ്പതികളുടെ മകൻ ടോണി എം. കോശിയും തമ്മിലുള്ള വിവാഹം 8-10-2016ൽ പാറ്റൂർ സെന്റ് തോമസ്സ് മാർ ത്തോമ്മാ പള്ളിയിൽ വച്ച് നടന്നു.

പെരുമ്പാവൂർ ചെമ്മലയിൽ ശ്രീ സി.എ. വർഗ്ഗീസ്, ശ്രീമതി സുജ വർഗ്ഗീസ് ദമ്പതികളുടെ മകൻ ശ്രീ ആൻഡ്രൂസ് വർഗ്ഗീസ്സും തൃപ്പൂണിത്തുറ അന്തിയാലുങ്കൽ ശ്രീ എൽദോ, ശ്രീമതി ജിലി മാത്യു ദമ്പതികളുടെ മകൾ ശ്രീമതി അഞ്ജന എൽദോയും തമ്മിലുള്ള വിവാഹം 8-1-2017ൽ താമരച്ചാൽ സെന്റ് മേരീസ് പള്ളിയിൽ നടന്നു.

തരിവനന്തപുരം മൂലമണ്ണിൽ ശ്രീ എം. കെ. ചെറിയാൻ, ശ്രീമതി സൂസി ചെറിയാൻ ദമ്പതികളുടെ മകൻ ശ്രീ മനോജ് ചെറിയാനും മുളക്കുളം ഞാറേക്കാട്ട് ശ്രീ എൻ.കെ കുരിയാക്കോസ്, ശ്രീമതി ലീലകുരിയൻ ദമ്പതികളുടെ മകൾ അഞ്ജലി കുരിയനും തമ്മിലുള്ള വിവാഹം 19-2-2017ൽ തിരുവനന്തപുരം മാർ ബസ്സേലിയോസ് - മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

നവദമ്പതികൾക്ക് **AFF** എല്ലാവിധ മംഗളങ്ങളും നേരുന്നു.

## Patron members of AFF

H.G. Dr. Mathews Mor Evanious, Rev. Dn. Abraham A Alunkal (USA), Dr. A.C. Paul, Mr. Avira Varghese, Dr. Thampy Thomas (USA), Mr. John A Alunkal (USA), Late Mr. K.A. John (USA), Mr. A.A. Abraham, Mr. K.V. Mohandas, Dr. Viju Thomas, Ms. Sanuba Kurian, Mr. Elias Abraham, Mr. Paul Mathew, Dr. Susan James, Mrs. Molly Philip & Mr. James Thomas.

## Donations on Family Day

| | | | |
|---|---|---|---|
| 1. Dr. A.C. Paul | 1000/- | 10. Smt. Sanuba Kurian | 500/- |
| 2. Prof. A.V. Paul | 1000/- | 11. Smt. Sheela Mohan | 500/- |
| 3. Mrs. A.I. Kurian | 1000/- (for A.I. Kurian prize) | 12. Smt. Susy Mathew | 500/- |
| 4. Mr. Babu Kavanal | 500/- | 13. Smt. Keerthi Kurian | 500/- |
| 5. Shri. Vinoy Thomas | 500/- | 14. Shri. George Peter | 500/- |
| 6. Shri. Ealias Abraham | 500/- | 15. Shri. Saji John | 500/- |
| 7. Shri. C.A. Varghese | 500/- | 16. Shri. Avira Varghese | 1000/- |
| 8. Shri. Saju Peter | 500/- | 17. Shri. Paul Mathew | 1000/- |
| 9. Adv. Abraham Peter | 500/- | **Total** | **11,000/-** |

## Endowments

Rev. Fr. A.V. Abraham Memorial Educational Endowment - JBS Kandanad
Ashik Shejeesh - II Std. Rs.1000/-; Nikhil T.S. III Std. Rs.1000/-; Ram Madhav IV Std. Rs.1000/-

Sri. A.M. Thomas Memorial Award.
2016 - SSLC Topper, Govt. H.S., Kadungamangalam - Devu K.G. Rs.1,500/-

Cash Award to the children of the family:- (Mr. A.I. Kurian Prize)
CBSE - 10 Std - Jerrin Harris - 98%

Plus 2
Adarsh P Sojan - 78% Rs.1000/-

Medical Endowment
Mrs. Omana K.A. (Kadungamangalam) Rs.1500/- (Mrs. Lovely Paul, Mr. A.V. Mathai - Endowment)

**ഭരണ സമിതിയുടേയും പോഷക സമിതികളുടെയും അംഗങ്ങളായി 2017ലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ.**

ഡോ. ഏ. സി. പോൾ, ശ്രീ ആവിരാ വർഗീസ്, ശ്രീമതി ശാന്താ ജോർജ്ജ്, ഡോ. സുരേഷ് മാത്യു, ശ്രീ കെ. വി. മോഹൻദാസ്, ശ്രീമതി ലില്ലി വർഗീസ്, ശ്രീമതി സാനുബ കുര്യൻ, ശ്രീ ജെയിംസ് തോമസ്, ശ്രീ ഏലിയാസ് അബ്രഹാം, ശ്രീ പോൾ മാത്യു, Adv. K.A. Prakash ശ്രീ ഏ.ഏ. അബ്രഹാം, ശ്രീ ഷെറിൻ ബേബി, ശ്രീ വിനോയ് തോമസ്, ശ്രീ സജീ ജോൺ, ശ്രീ ഏ.എം. യോഹന്നാൻ, ശ്രീ അരുൺ പോൾ, ശ്രീമതി ഷീബ സജി, ശ്രീ എൽദോ വിനോയി, ശ്രീ അനൂപ് പോൾ (ഓഡിറ്റർ)

**AFF News Letter Committee**

ഡോ. ഏ. സി. പോൾ, ശ്രീ ആവിരാ വർഗീസ്, ശ്രീമതി ലില്ലി വർഗീസ്, ശ്രീമതി സാനുബ കുര്യൻ (എഡിറ്റർ), ശ്രീ പോൾ മാത്യു, ശ്രീ അരുൺ പോൾ, ശ്രീ എൽദോ വിനോയി

**പൈതൃകാ പഠന കമ്മറ്റി**

ഡോ. ഏ. സി. പോൾ, ശ്രീ ആവിരാ വർഗീസ്, ശ്രീമതി സാനുബ കുര്യൻ,
ശ്രീ ഏ. എം. യോഹന്നാൻ (Expert Advisor : Mr. John M Alunkal, USA)

**PRAYER cum FAMILY AWARENESS**

Convener : Mr. A.M. Yohannan
Co-Convener : Mrs. Sheeba Saji
**AFF Website :** Eldo Vinoy, Dr. A.C. Paul, Mr. James Thomas

## വിശുദ്ധനാടുകളിലേക്ക് ഒരു തീർത്ഥയാത്ര (തുടർച്ച)

ശ്രീമതി ലില്ലി വർഗീസ്

ഇസ്രായേൽ നിന്നും ഈജിപ്തിലേക്ക് 6 മണിക്കൂർ ചെങ്കടലിന്റെ അരുകിൽ കൂടിയായിരുന്നു യാത്ര. മറുവശം വലിയ മല. അവിടെയെല്ലാം ഗുഹകൾ കാണാം. അവിടെയാണ് ഇസ്രായേൽ ജനം മിശ്രയീമിലേക്ക് പൊയപ്പോൾ താമസിച്ചത് എന്ന് കരുതപ്പെടുന്നു.

**മോറ** – മോശ ചെങ്കടലിൽ വടികൊണ്ടടിച്ചപ്പോൾ ജലം പിളർന്ന് രണ്ടായി മാറിയ സ്ഥലം.

**സീനായ്മല** – മലയുടെ മുകളിൽ കയറാൻ സൗകര്യമില്ല. താഴേ നിന്ന് അതിന്റെ മുകളിലുള്ള പള്ളിയുടെ കുരിശ് കണ്ടു. താഴെ സെന്റ് കാതറൈൻ മൊണാസ്ട്രി സ്ഥിതിചെയ്യുന്നു.

**തിരുകുടുംബ ദേവാലയം (മിശ്രയിം)** – മറിയവും യൗസേഫും ശിശുവായ യേശുവിനേയും കൊണ്ട് ഒളിച്ചു താമസിച്ച സ്ഥലത്തെ പള്ളി.

നൈൽ നദിയിൽ ഒരു ഉല്ലാസ യാത്ര നടത്തി.
ഈജിപ്റ്റിൽ വി: മർക്കോസാണ് സുവിശേഷം അറിയിച്ചത്.

**Cairo** – ഈജിപ്തിന്റെ തലസ്ഥാനം. അവിടം 1000 പള്ളികളുടെ സ്ഥലമെന്നു പറയപ്പെടുന്നു 3000 വർഷം പഴക്കമുള്ള മ്യൂസിയം കണ്ടു. അവിടെ മമ്മികൾ, അക്കാലത്തെ ആഭരണങ്ങൾ, ആയുധങ്ങൾ എല്ലാം സൂക്ഷിച്ചിരിക്കുന്നു. ഈജിപ്റ്റിലെ പിരമിഡും കണ്ടു. യാത്രാവസാനം ഞങ്ങൾ Cairo Airportൽ നിന്നും തിരിച്ചു നാട്ടിലേക്കു പോന്നു.

----

## ചുമടുതാങ്ങി (Porter's Rest)

ഇന്നത്തെപോലെ ചരക്കു ഗതാഗതം ഒട്ടും സുഗമമല്ലാതിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ആ അവസരത്തിലാണ് ചുമടുതാങ്ങികളുടെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. ഒരു കുടുംബം പുലർത്താനുള്ള തത്രപ്പാടിൽ ഏതു കഠിന ജോലിയും സന്തോഷത്തോടെ ഏറ്റെടുത്തിരുന്ന ഒരു കൂട്ടം ആളുകളുടെ ഇടയിൽ ചുമട് എടുക്കുന്നവർ ഏറെയായിരുന്നു. അവരുടെ വിശ്രമസങ്കേതമായിരുന്നു ഈ ചുമടുതാങ്ങികൾ. ഏറേദൂരം നടന്നുവലഞ്ഞ് ഭാരം ഒന്നിറക്കിവച്ച് വിശ്രമിച്ച് യാത്ര തുടരുവാൻ ഇത്തരം ചുമടുതാങ്ങികൾ വളരെ സഹായകരമായിരുന്നു. മറ്റൊരാളുടെ സഹായമില്ലാതെ തന്നെ ചുമട് ഇറക്കുവാനും തിരികെ തലയിലേറ്റുവാനും തക്ക ഉയരത്തിലാണ് ഇവ നിർമ്മിച്ചിരുന്നത്.

കണ്ടനാട് ദേശത്തിന്റെ തന്നെ മുഖഛായ മാറ്റുവാൻ കാരണഭൂതരായ നമ്മുടെ പൂർവ്വികരുടെ ദീർഘ വീക്ഷണത്തിൽ സ്ഥാപിതമായ പള്ളിക്കൂടങ്ങൾ ഇന്നും തല ഉയർത്തി നിൽക്കുന്നു. കൊല്ല വർഷം 1114ൽ നമ്മുടെ മൺമറഞ്ഞ പിതാവ് താഴത്ത് ശ്രീ ഇട്ടീര വർക്കി വി. ദേവാലയത്തിനു മുൻപിൽ റോഡിന്റെ വശത്തായി സ്ഥാപിച്ച ചുമടുതാങ്ങി ഇന്നും യഥാസ്ഥാനത്ത് നിലനിൽക്കുന്നു. എത്രയോ പേർക്ക് അത് അത്താണിയും വിശ്രമസ്ഥലവുമായി മാറിയിട്ടുണ്ട് എന്നോർക്കുമ്പോൾ നമ്മുടെ പൂർവ്വികരുടെ വിശാല മനസ്കതയിലും, സാമൂഹ്യ പ്രതിബദ്ധതയിലും അഭിമാനം തോന്നുന്നു. അവരുടെ എല്ലാം ഓർമ്മക്കു മുമ്പിൽ ആദരാഞ്ജലികൾ! (സാനുബ കുര്യൻ)